"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ്-മൈനിംഗ് & ജിയോളജി-അനധികൃത കരിങ്കല്ല് ഖനനത്തിന് കണ്ണൂർ ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത തുക ഗഡുക്കളായി ഒടുക്കുന്നതിന് അനുമതി ആവശ്യപ്പെട്ട് ശ്രീ. സണ്ണി സിറിയക്, പൊറ്റങ്കൽ വീട്, തൊണ്ടിയിൽ പോസ്റ്റ്, പേരാവൂർ, കണ്ണൂർ സമർപ്പിച്ച അപേക്ഷയിൽ അനുമതി നൽകി ഉത്തരവാകുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.325/2026/ID തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ
2. 21.07.2025-ലെ കണ്ണൂർ ജില്ലാ ജിയോളജിസ്റ്റിന്റെ DOKAN-DMG/929/2023-M നമ്പർ ഡിമാന്റ് നോട്ടീസ്
3. 25.07.2025-ലെ ശ്രീ. സണ്ണി സിറിയക്, പൊറ്റങ്കൽ വീട്, തൊണ്ടിയിൽ പോസ്റ്റ്, പേരാവൂർ, കണ്ണൂർ സമർപ്പിച്ച അപേക്ഷ
4. 30.10.2025-ലെ മൈനിംഗ് & ജിയോളജി ഡയറക്ടറുടെ DMG/2047/2025-M3 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ വയത്തൂർ വില്ലേജിൽ സർവേ നമ്പർ 28/1A2 pt ൽപ്പെട്ട 1.1330 ഹെക്ടർ സ്ഥലത്ത് നിന്നും കരിങ്കല്ല് ഖനനം ചെയ്യുന്നതിനായി ശ്രീ. സണ്ണി സിറിയക്, പൊറ്റങ്കൽ വീട്, തൊണ്ടിയിൽ പോസ്റ്റ്, പേരാവൂർ, കണ്ണൂർ എന്നവർക്ക് 20-09-2017 തീയതിയിലെ 376/2017-18/3044/എം3/2017/ഡിഎംജി നമ്പർ നടപടി ഉത്തരവ് പ്രകാരം ഒരു ക്വാറിയിങ് ലീസ് അനുവദിച്ചിരുന്നു. ടി ക്വാറിയിൽ നിന്നും അനുമതിയില്ലാതെ നീക്കം ചെയ്ത 151598.41 മെട്രിക് ടൺ കരിങ്കലിന് ₹43,25,898/- രൂപയും കോമ്പൗണ്ടിങ് ഫീസ് ഇനത്തിൽ ₹3,00,000/- രൂപയും ഉൾപ്പെടെ ₹46,25,898/-രൂപ ഒടുക്കുന്നതിന് കണ്ണൂർ ജില്ലാ ജിയോളജിസ്റ്റ് പരാമർശം(2) ഡിമാന്റ് നോട്ടീസ് നൽകിയിരുന്നു. സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ ഡിമാന്റ് തുക 12 മാസ ഗഡുക്കളായി ഒടുക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിലേക്കായി ശ്രീ. സണ്ണി സിറിയക് സർക്കാരിൽ പരാമർശം(3) അപേക്ഷ സമർപ്പിച്ചിരുന്നു. കെഎംഎംസി ചട്ടങ്ങളിലെ ചട്ടം 115 പ്രകാരം പരമാവധി ആറ് ഗഡുക്കൾ അനുവദിക്കാവുന്നതാണെന്ന് മൈനിംഗ് & ജിയോളജി ഡയറക്ടർ പരാമർശം(4) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മൈനിംഗ് & ജിയോളജി ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. സണ്ണി സിറിയക്, പൊറ്റങ്കൽ വീട്, തൊണ്ടിയിൽ പോസ്റ്റ്, പേരാവൂർ, കണ്ണൂർ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ വയത്തൂർ വില്ലേജിൽ സർവേ നമ്പർ 28/1A2 pt ൽപ്പെട്ട 1.1330 ഹെക്ടർ സ്ഥലത്ത് നിന്നും അനുമതിയില്ലാതെ നീക്കം ചെയ്ത 151598.41 മെട്രിക് ടൺ കരിങ്കലിന് ₹43,25,898/- രൂപയും കോമ്പൗണ്ടിങ് ഫീസ് ഇനത്തിൽ ₹3,00,000/- രൂപയും ഉൾപ്പെടെ കണ്ണൂർ ജില്ലാ ജിയോളജിസ്റ്റ് ഡിമാന്റ് ചെയ്ത ₹46,25,898/-രൂപ (നാല്പത്തിയാറു ലക്ഷത്തി ഇരുപത്തി അയ്യായിരത്തി എണ്ണൂറ്റി

തൊണ്ണൂറ്റി എട്ട് രൂപ മാത്രം) കെ.എം.എം.സി (ഭേദഗതി) ചട്ടങ്ങളിലെ, ചട്ടം 115 പ്രകാരം ആറ് തുല്യ മാസ ഗഡുക്കളായി ഒടുക്കുന്നതിന്, മാസഗഡു അടയ്ക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള വീഴ്ച വരുത്തിയാൽ പിന്നീട് ഗഡുക്കളായി അടയ്ക്കുന്നതിന് അവസരം നഷ്ടപ്പെടുമെന്ന വ്യവസ്ഥയിൽ അപേക്ഷകന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബി അജിത

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം
ജില്ലാ ജിയോളജിസ്റ്റ്, കണ്ണൂർ
ശ്രീ. സണ്ണി സിറിയക്, പൊറ്റങ്കൽ വീട്, തൊണ്ടിയിൽ പോസ്റ്റ്, പേരാവൂർ, കണ്ണൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക(വെബ് & ന്യൂമീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Sachin V R
Date: 13-03-2026 16:07:02

സെക്ഷൻ ഓഫീസർ